**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2956** **03-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ കായിക നയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തി പിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുമുണ്ട്. 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയും സംസ്ഥാനത്ത് മികച്ച കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഇവയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തികൊണ്ടും സ്പോർട്സ് സയൻസ് മേഖലയിലെ പുത്തൻ ആശയങ്ങൾക്ക് മുൻ തൂക്കം നൽകിക്കൊണ്ടുമുള്ള ഒരു സമഗ്ര കായിക നയം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് അവസരം നല്കുമോ; | (ബി) | കായികനയം രൂപീകരിക്കുന്നതിനായി കായിക താരങ്ങൾ, പരിശീലകർ, ഭരണകർത്താക്കൾ, കായിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ക്ലബ്ബുകൾ, അക്കാഡമികൾ എന്നിവയിൽ നിന്നും അഭിപ്രായം സ്വരൂപിക്കുന്നതാണ്. |
| (സി) | കായിക രംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | കായികരംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ "സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ടണർഷിപ്പ്" നടപ്പിലാക്കിവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും സംയുക്തമായി ചേർന്ന് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ് നടത്തുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായികയുവജനകാര്യാലയത്തിന് കീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. |
| (ഡി) | കളികളിലൂടെ കുട്ടികളുടെ ശാരീരിക, മാനസിക ആരോഗ്യം വളർത്തിയെടുക്കുന്നതിനായി ആരംഭിച്ച പ്ലേ ഫോർ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. കായിക വിനോദങ്ങളിലൂടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും പൊതുവിദ്യാലയങ്ങളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് "പ്ലേ ഫോർ ഹെൽത്ത്." കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിലൂടെ പ്രൊഫഷണൽ ഗെയിംമുകളുടെ അടിസ്ഥാനതത്വങ്ങൾ അവരെ പരിചയപ്പെടുത്തുക വഴി അവരെ സ്പോർട്സിലും ഗെയിംമുകളിലും പ്രത്യേക താൽപര്യമുള്ളവരാക്കുക, ഇതിലൂടെ |

| | | | |
|---|---|---|---|
| | | | ആരോഗ്യമുള്ളതും ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 25 സെന്ററുകളിൽ നടപ്പിലാക്കി വരുന്നു. കൂടുതൽ സ്കൂളുകളിലേക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ